ബേപ്പൂർ മണ്ഡലത്തിലെ ജനങ്ങളുടെ ഏറെ നാളത്തെ ആഗ്രഹമാണ് ഈ പദ്ധതി. ഇതിനകം 13 കോടി രൂപയിലധികം ചെലവഴിച്ചു. ഇപ്പോൾ സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം 71 കോടി രൂപയ്ക്ക് അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ നടപടികളാണ് വൈകുന്നത്. കഴിഞ്ഞ സഭാസമ്മേളന കാലത്ത് പദ്ധതി അവലോകനം നടന്നിരുന്നുവെങ്കിലും ടെണ്ടർ നടപടി ഇതുവരെ പൂർത്തിയായിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രിയും ധനകാര്യ വകുപ്പു മന്ത്രിയുംകൂടി ചേർന്ന് ഇതിന്റെ സാങ്കേതിക പ്രശ്നം മറികടന്ന് ടെണ്ടർ ഉറപ്പിച്ച് പണി തുടങ്ങുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ, ചീക്കോട് കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ് ഹൗസ്സും 900 മില്ലീമീറ്റർ വ്യാസമുള്ള റാ വാട്ടർ പമ്പിംഗ് മെയിനും 21 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഭൂതലസംഭരണിയും എൽ.ഐ.സി. സഹായത്തോടെ പൂർത്തീകരിച്ചു വരുകയാണ്. എൽ.ഐ.സി.സഹായം നിലച്ചതിനാൽ 2008-ൽ സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 70.57 കോടി രൂപയുടെ രേണാനുമതിയും സാങ്കേതികാനുമതിയും നൽകിയതാണ്. പദ്ധതി പ്രധാനമായും രണ്ട് പാക്കേജുകളായി തിരിക്കുകയും പിന്നീട് വന്ന പാക്കേജിനെ തിനെ വീണ്ടും അഞ്ച് പാക്കേജുകളായും പാക്കേജ് രണ്ടിനെ രണ്ട് പാക്കേജായി തിരിച്ചും ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിൽ പാക്കേജ് 1എ, 1-സി, 1 -ഡി, 1 - ഇ എന്നീ ടെണ്ടറുകൾ 6-12-2010 -ൽ കൂടിയ എംപവേർഡ് കമ്മിറ്റി ചർച്ച ചെയ്യുകയും 2010 -ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള തുകയ്ക്ക് വർക്ക് ഏറ്റെടുക്കാൻ കോൺട്രാക്ടർ തയ്യാറാവുകയാണെങ്കിൽ അനുവദിക്കുന്നതിനും അല്ലാത്തപക്ഷം പുനർദർഘാസ് ക്ഷണിക്കാനും തീരുമാനിച്ചു. ഇതിൻപ്രകാരം കേരള വാട്ടർ അതോറിറ്റി തലത്തിൽ കോൺട്രാക്ടറുമായി ചർച്ചകൾ നടന്നു വരികയാണ്. പാക്കേജ് 1-ഡിക്കും 2-എ ക്കും ലഭിച്ച പുനർദർഘാസ്സും ദർഘാസ് ടെണ്ടർ പരിശോധനയ്ക്കും പാക്കേജ് 2-ബി യുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. എസ്റ്റിമേറ്റ് തുകയെക്കാൾ വളരെ ഉയർന്ന തുക കാട്ട് ചെയ്യുന്നതുകൊണ്ട് പല പാക്കേജുകൾക്കും പുനർദർഘാസ് വേണ്ടിവരുന്നതുകൊണ്ടാണ് ടെൻഡർ നടപടികൾ വൈകുന്നത്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമം നടത്തുന്നതാണ്.

(ന) നിലമ്പൂർ-ഷൊർണ്ണൂർ ട്രെയിൻ സർവ്വീസ്

ശ്രീ. വി. ശശികുമാർ : സർ, നിലമ്പൂർ-ഷൊർണ്ണൂർ ട്രെയിൻ സർവ്വീസ് തിരുവനന്തപുരത്തേക്ക് നീട്ടുന്നതുസംബന്ധിച്ച ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇത് ജില്ലയിലെ എല്ലാ എം.എൽ.എ.മാരും ജില്ലാ വികസന സമിതിയും ജില്ലയിലെ എം.പി.മാരും എല്ലാം ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നിലമ്പൂർ-ഷൊർണ്ണൂർ റെയിൽവേ യാത്രക്കാരുടെ എണ്ണത്തിൽ നല്ല വർദ്ധനവുണ്ടായിട്ടുണ്ട്.; വരുമാനവും വർദ്ധിച്ചിട്ടുണ്ട്. നിലമ്പൂർ താലൂക്ക് കുടിയേറ്റക്കാർ ധാരളമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രദേശമാണ്. അവർക്ക് തെക്കൻ ജില്ലകളുമായി ബന്ധപ്പെടാൻ ഏറ്റവും സൗകര്യം ഒരുക്കുന്ന ട്രെയിൻ സർവ്വീസാണിത്. ഏറനാട്, വള്ളുവനാട്, നിലമ്പൂർ താലൂക്കുകളിലെ രോഗികളായ ആളുകൾക്ക് ആർ.സി.സി.യുമായും ശ്രീചിത്ര ഹോസ്പിറ്റലുമായും ബന്ധപ്പെടാനുള്ള സൗകര്യം ഒരുക്കുന്ന നിലമ്പൂർ-ഷൊർണ്ണൂർ ട്രെയിൻ സർവ്വീസ് നേരിട്ട് തിരുവനന്തപുരത്തേയ്ക്ക് നീട്ടുന്നതിന് റെയിൽവേ വകുപ്പിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, നിലമ്പൂർ-ഷൊർണ്ണൂർ ട്രെയിൻ സർവ്വീസിന് ശ്രീ. വി. ശശികുമാർ പറഞ്ഞതിനെക്കാളും വലിയ ഒരു മാനമുണ്ട്. നിലമ്പൂർ-ഷൊർണ്ണൂർ റെയിൽപ്പാത തിരുവനന്തപുരംവരെ നീട്ടണമെന്ന ആവശ്യമാണ് അങ്ങ് പറഞ്ഞത്. നിലമ്പൂർ- നഞ്ചൻകോട് റെയിൽവേ ലൈനിന്റെ പണി ഇപ്പോൾ സജീവമായി നടക്കുകയാണ്. അത് കേരളത്തിന്റെ ഏറ്റവും വലിയ ചിരകാല അഭിലാഷമാണ്. 2001 -2002-ൽ നിലമ്പൂർ നഞ്ചൻകോട് പാതയുടെ സർവ്വേ പൂർത്തിയാക്കി. റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചു. എന്നാൽ സംസ്ഥാന സർക്കാരിന്റെയും എം.പി.മാരുടെയും നിരന്തരമായ സമ്മർദ്ദങ്ങളുടെ ഫലമായി 2007-2008-ൽ റെയിൽവേ ബഡ്ജറ്റിൽ ഈ ലൈനിന്റെ സർവ്വേക്കുള്ള അനുമതി ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇന്ന് കാര്യങ്ങൾ മുന്നോട്ട് പോകുന്നുണ്ട്. ഈ പാതയുടെ ആവശ്യകതയെക്കുറിച്ച് കേന്ദ്രത്തെ കൂടുതൽ ബോദ്ധ്യപ്പെടുത്തുന്നതാണ്. ബഹുമാനപ്പെട്ട അംഗം വി. ശശികുമാർ സബ്മിഷൻ ഉന്നയിച്ചതുപോലെ നിലമ്പൂർ - ഷൊർണ്ണൂർ തീവണ്ടി സർവ്വീസ് തിരുവനന്തപുരത്തേക്ക് നീട്ടുന്നത് എന്തുകൊണ്ടും അഭികാമ്യമാണെന്ന് മാത്രമല്ല, മലപ്പുറം ജില്ലയുടെ മലയോര മേഖലയും തെക്കൻ ജില്ലകളും തിരുവനന്തപുരവുമായി ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പാതയായിരിക്കും ഇത്. ആ ഗൗരവത്തിൽ കാണുകയും റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഡിസംബർ 31 -ന് തിരുവനന്തപുരത്ത് വച്ച് എം.പി.മാരുടെ ഒരു പ്രത്യേക യോഗം കൂടുന്നുമുണ്ട്. 2011 -12-ലെ പ്രീ റെയിൽവേ ബഡ്ജറ്റ് ഡിസ്ക്കഷനിൽ ഇതൊരു മുഖ്യ അജണ്ടയായി എടുത്ത് വീണ്ടും ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(12) കുട്ടികളെ കടത്തിക്കൊണ്ടു വരുന്ന സംഘങ്ങൾക്കെതിരെ നടപടി

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, നമ്മുടെ സംസ്ഥാനത്തെ പല വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടലുകളിലും അന്യസംസ്ഥാനങ്ങളിൽ നിന്ന് കടത്തിക്കൊണ്ടുവരുന്ന കുഞ്ഞുങ്ങളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന ദുഃഖകരമായ ഒരു കാഴ്ച നമുക്ക് കാണാൻ കഴിയും. ഈ അടുത്ത കാലത്ത് കൊല്ലത്ത് ഒരു കുഞ്ഞിനെ തമിഴ്നാട്ടിൽ നിന്ന് കടത്തിക്കൊണ്ടുവന്ന് ശരീരമാസകലം പൊള്ളിച്ച് കൊണ്ട് നടന്ന അവസരത്തിൽ പോലീസും നാട്ടുകാരും ചേർന്ന് കസ്റ്റഡിയിൽ എടുത്തു. അതിന്റെ തർക്കം ഇപ്പോഴും തീർന്നിട്ടില്ല. അതുപോലെ വിവിധ പ്രദേശങ്ങളിൽ ഈ കുഞ്ഞുങ്ങളെ തമിഴ്നാട്ടിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും പിടിച്ചുകൊണ്ടു പോവുകയാണ്. ഒരു കുഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly